കേരളകൗമുദി
1186 മിഥുനം 4, 2011 ജൂൺ 19 ഞായർ
തിരുവോണം 49–21 ചതുർത്ഥി 43–31
1933 ജ്യേഷ്ഠം 29, 1432 റജബ് 17

നൂറുകണക്കിന് ഉണ്ടാകട്ടെ, മെഡിക്കൽ കോളേജുകൾ

മധു നായർ, ന്യൂയോർക്ക്

സംസ്ഥാന മെഡിക്കൽ കോളേജുകളിലെ പി.ജി പ്രവേശന നയരൂപീകരണം മെഡിക്കൽ കൗൺസിൽ ഒഫ് ഇന്ത്യയ്ക്ക് വിട്ടുകൊണ്ടുള്ള ആരോഗ്യമന്ത്രിയുടെ തീരുമാനം ഇന്ത്യാ മഹാരാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന് യോജിച്ചതല്ല. സംസ്ഥാനത്തിന്റെ അധികാരങ്ങൾ ഒരുളുപ്പുമില്ലാതെ വെറുമൊരു കേന്ദ്ര റഗുലേറ്ററി ഏജൻസിക്ക് തീറെഴുതുവാൻ പുതിയ മന്ത്രിയെ ഉപദേശിച്ച ഉദ്യോഗസ്ഥവൃന്ദത്തിന് കൂച്ചുവിലങ്ങുകൾ അനിവാര്യം.

ദശകങ്ങളോളം പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനം വലിയ പരാതികളൊന്നുമില്ലാതെ രാജ്യത്താകമാനം നടന്നുവരികയായിരുന്നു. ഉണ്ണികൃഷ്ണൻ കേസിൽ സുപ്രീംകോടതിയുടെ തീർപ്പനുസരിച്ച് അമ്പതുശതമാനം സീറ്റുകൾ മെരിറ്റടിസ്ഥാനത്തിൽ തുച്ഛമായ ഫീസീടാക്കിയും മുപ്പത്തഞ്ചു ശതമാനം മെരിറ്റടിസ്ഥാനത്തിൽത്തന്നെ മാനേജ്മെന്റിന് കൂടുതൽ ഫീസ് വാങ്ങിയും പതിനഞ്ചു ശതമാനം എൻ.ആർ.ഐ ബന്ധുക്കൾക്ക് താങ്ങാൻ പാങ്ങുള്ള ഭാരിച്ച ചെലവിലും പഠിപ്പിക്കുക എന്ന ഫോർമുലയെ തകിടംമറിച്ചുകൊണ്ട് പൈ കേസിൽ സുപ്രീംകോടതിയുടെ ഫുൾബെഞ്ച് വിധി പ്രസ്താവിച്ചതാണ് ഇപ്പോഴുള്ള കുഴപ്പങ്ങൾക്കൊക്കെ കാരണം. ഈ വിധിയുടെ തലനാരിഴ പിരിച്ചു നോക്കിയാൽ മാനേജ്മെന്റ് സ്ഥാപനങ്ങളിലെ മുഴുവൻ സീറ്റുകളുടെയും പ്രവേശനത്തിൽ സർക്കാരിനിടപെടുവാൻ ഒരു വകുപ്പും ഇല്ലായെന്ന യാഥാർത്ഥ്യം മനസ്സിലാകും. ഇത് സമ്മതിച്ചുകൊടുക്കാൻ സംസ്ഥാന സർക്കാരുകൾ മടി കാണിക്കുന്നത് ബാലിശമാണ്.

ലക്ഷങ്ങൾ കോഴ വാങ്ങി മാത്രം പ്രവേശനം നടത്തുവാൻ തുനിയുന്ന മാനേജ്മെന്റ് സ്ഥാപനങ്ങളെ പ്രതിരോധിക്കാൻ അവരുടെ കുത്തക അവസാനിപ്പിക്കുകയാണ് വേണ്ടത്. മാദ്ധ്യമങ്ങളിലൊന്നും വേണ്ടത്ര രീതിയിൽ പുറത്തു വരാത്ത ഒരു വിപ്ളവം

അപേക്ഷകർക്കെല്ലാം എൻജിനിയറിംഗ് കോളേജുകൾ അനുവദിക്കുവാൻ മുമ്പൊരു മുഖ്യമന്ത്രി തയ്യാറായത് ദീർഘവീക്ഷണത്തോടെയായിരുന്നു. ആ ഫോർമുല തന്നെയാകണം എല്ലാവിധ പ്രൊഫഷണൽ കോളേജുകളുടെ കാര്യത്തിലും സർക്കാർ അനുവർത്തിക്കേണ്ടത്

ബി. എഡ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന്റെ കാര്യത്തിൽ ഈ സംസ്ഥാനത്ത് നടന്നുകഴിഞ്ഞിരിക്കുന്നു. അനവധി ബി. എഡ് കോളേജുകൾ അനുവദിക്കപ്പെട്ടപ്പോൾ അപേക്ഷകരുടെ എണ്ണം കാര്യമായി കുറയുകയും പ്രവേശനത്തിന് കോഴ സമ്പ്രദായം പൂർണമായി അവസാനിക്കുകയും ചെയ്തു.

എൻജിനിയറിംഗ് കോളേജുകളിലും ഏതാണ്ട് സമാന്തര സ്ഥിതിവിശേഷത്തിലേക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നു. അനവധി സ്വകാര്യ എൻജിനിയറിംഗ് കോളേജുകളിൽ കോഴ വാങ്ങി പ്രവേശനം സമ്പാദിച്ച മിക്ക കുട്ടികളും തുരുതുരെ തോറ്റുകൊണ്ടിരിക്കുകയാണ്. ചില കോളേജുകളുടെ വിജയ ശതമാനം പത്തിൽ താഴെയെത്തിയത് മാനേജ്മെന്റുകളെ പരിഭ്രാന്തരാക്കിയിരിക്കുന്നു. മെരിറ്റ് ലിസ്റ്റിൽത്തന്നെ മൊത്തം സീറ്റുകളിലേക്കും പ്രവേശനം നടത്താൻ തയ്യാറായി ചില മാനേജ്മെന്റുകൾ എൻട്രൻസ് കമ്മിഷണറെ സമീപിച്ചിരിക്കുന്നു. അപേക്ഷകർക്കെല്ലാം എൻജിനിയറിംഗ് കോളേജുകൾ അനുവദിക്കുവാൻ മുമ്പൊരു മുഖ്യമന്ത്രി തയ്യാറായത് ദീർഘവീക്ഷണത്തോടെയായിരുന്നു. ആ ഫോർമുല തന്നെയാകണം എല്ലാവിധ പ്രൊഫഷണൽ കോളേജുകളുടെ കാര്യത്തിലും സർക്കാർ അനുവർത്തിക്കേണ്ടത്.

കേരളത്തിലെ മൊത്തം ആശുപത്രികളുടെ കണക്കെടുത്താൽ അഞ്ഞൂറിൽപ്പരം ആതുരാലയങ്ങൾ മെഡിക്കൽ വിദ്യാഭ്യാസം നൽകുവാൻ പ്രാപ്തമാണെന്നു കാണാം. പ്രശ്നം, അയഥാർത്ഥമായി മെഡിക്കൽ കൗൺസിൽ ഒഫ് ഇന്ത്യ തീരുമാനിച്ചിരിക്കുന്ന മാനദണ്ഡങ്ങളാണ്. ഇരുപത്തഞ്ചേക്കർ കാമ്പസായി മെഡിക്കൽ കോളേജിന് വേണമെന്ന നിബന്ധന കായിക പഠന സ്ഥാപനങ്ങൾക്ക് യോജിച്ചേക്കും. ഡോക്ടറാകണമെങ്കിൽ ഗുസ്തി പിടിക്കലും ക്രിക്കറ്റുകളിയുമൊക്കെ നിർബന്ധമാകണമെന്നു തോന്നും മെഡിക്കൽ കൗൺസിൽ നിബന്ധനകൾ കണ്ടാൽ.

അനവധി ലോക പ്രസിദ്ധ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള അമേരിക്കൻ ഐക്യനാടുകളിൽപ്പോലും കേട്ടുകേൾവിയില്ലാത്തതാണ് ഈ ഇരുപത്തഞ്ചേക്കർ നിബന്ധന. ഭൂമിക്കൊരു ക്ഷാമവുമില്ലാത്ത അതിവിശാലമായ ആ രാജ്യത്തിലെ ലോക പ്രശസ്തമായ ജോൺ ഹോപ്കിൻസ് മെഡിക്കൽ സ്ഥാപനം ബാൾട്ടിമൂർ സിറ്റിയുടെ നടുവിൽ അഞ്ചേക്കറിൽ താഴെയുള്ള കാമ്പസിലാണ് പ്രവർത്തിക്കുന്നത്. അഴിമതിയുടെ കേളീരംഗമായ മെഡിക്കൽ കൗൺസിൽ ഒഫ് ഇന്ത്യയാകട്ടെ, സംസ്ഥാനങ്ങളിലെ മെഡിക്കൽ വിദ്യാഭ്യാസരംഗം കുളമാക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു.

അടിയന്തരാവസ്ഥയോടെയാണ് കേന്ദ്ര ഏജൻസികൾ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മേഖലയിൽ കൈകടത്തി തുടങ്ങിയത്. അതുവരെ ഭരണഘടനാപ്രകാരം സംസ്ഥാനങ്ങളുടെ ചുമതലയിൽ മാത്രമായിരുന്ന വിദ്യാഭ്യാസം കോൺകറന്റ് ലിസ്റ്റിൽപ്പെടുത്തി കേന്ദ്ര ഏജൻസികളുടെ അഴിമതിയുടെ കേളീരംഗമാക്കി. ഭരണഘടനാ ലംഘനമില്ലാതെ തന്നെ സംസ്ഥാന സർക്കാരിന് ഇത് പ്രതിരോധിക്കാൻ സാധിക്കുമെന്ന് തമിഴ്നാട്ടിൽ തെളിയിക്കപ്പെട്ടിട്ടുണ്ട്. കോളിളക്കം സൃഷ്ടിച്ച ഒരു കേസിൽ ആൾ ഇന്ത്യാ കൗൺസിൽ ഒഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ (എ.ഐ.സി.ടി.ഇ) ഭാരതീദാസൻ സർവകലാശാലയോട് അടിയറവു പറഞ്ഞു. ഈ തന്ത്രം കേരള സർക്കാരിനും പ്രയോഗിക്കാവുന്നതേയുള്ളൂ.

സംസ്ഥാനത്തെ ഡോക്ടർമാർക്ക് പ്രാക്ടീസ് ചെയ്യുവാൻ ലൈസൻസ് നൽകുന്ന ട്രാവൻകൂർ മെഡിക്കൽ കൗൺസിൽ, എം.സി.ഐയുടെ കേരള ശാഖയല്ല. തൊള്ളായിരത്തി മുപ്പതുകളിൽ സ്ഥാപിതമായ ഈ റഗുലേറ്ററി ഏജൻസി എം.സി. ഐ യെക്കാളും എത്രയോ സീനിയർ ആണ്. മെഡിക്കൽ ഡിഗ്രി കൊടുക്കുന്നത് സംസ്ഥാനത്തെ മെഡിക്കൽ സർവകലാശാലയാണ്. അതിലേക്ക് ഒരു ഏജൻസിയുടെയും അനുവാദം ആവശ്യമില്ല. എം.ബി.ബി. എസും സംസ്ഥാന രജിസ്ട്രേഷനും ഉള്ളയാൾക്ക് ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുവാൻ റസിപ്രോക്കൽ സംവിധാനവും സാധ്യമാണ്. എം.സി.ഐയ്ക്ക് ഇക്കാര്യങ്ങളിൽ തടയിടുക നിയമപരമായി എളുപ്പമാവില്ല.

കേന്ദ്ര ഏജൻസിയുടെ ഇണ്ടാസുകൾ മാനിക്കാതെ അനവധി മെഡിക്കൽ കോളേജുകൾ ആരംഭിക്കുകയെന്ന പോംവഴി മാത്രമാണ് ഈ മേഖലയിലെ അരക്ഷിതാവസ്ഥ അവസാനിപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ മുന്നിലുള്ളത്. ലോകത്തൊരിടത്തും മെഡിക്കൽ കോളേജുകൾ ലാഭം കൊയ്യുന്ന സ്ഥാപനങ്ങളല്ല. ആതുര സേവനം മുഖ്യ അജൻഡയായി എടുക്കാത്ത മെഡിക്കൽ കോളേജുകൾക്ക് നിലനില്പും ഉണ്ടാകില്ല. ഇന്ത്യ ഒഴിച്ച് മറ്റൊരു വൻ രാഷ്ട്രത്തിലും മെഡിക്കൽ വിദ്യാഭ്യാസം സാധാരണക്കാർക്ക് ബാലികേറാമലയല്ല.

ചൈനയിലും അമേരിക്കൻ ഐക്യനാടുകളിലും ഇന്ന് ഡോക്ടറാകുകയെന്നത് വിദ്യാർത്ഥികളുടെ അത്യാകർഷണ മേഖലയല്ല. നൂറിൽപ്പരം കോടി ജനങ്ങളെ സേവിക്കാൻ രാജ്യത്ത് പതിനായിരം മെഡിക്കൽ കോളേജുകൾ വന്നാലും ലക്ഷങ്ങൾക്ക് ഒന്ന് എന്ന അനുപാതമേ ആകുന്നുള്ളൂ. ഈ ലക്ഷ്യപ്രാപ്തിക്ക് കേരളത്തിൽ മാത്രം ആയിരത്തോളം മെഡിക്കൽ കോളേജുകൾ ഉണ്ടാകണം. പുതിയ സംസ്ഥാന സർക്കാരിന്റെ നയം ഈ ദിശയിലേക്കായില്ലായെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസരംഗം എക്കാലവും കലുഷിതമായിരിക്കും.

ഇ.എം.എസ് ഭവന പദ്ധതി തുടരണം

സ്വന്തമായി കിടപ്പാടമില്ലാത്തവർക്കായി മുൻ എൽ.ഡി.എഫ് സർക്കാർ ആവിഷ്കരിച്ച ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാവി അനിശ്ചിതത്വത്തിലേക്ക് നീങ്ങുകയാണ്. പദ്ധതി ആവിഷ്കരിച്ചവർ അത് ഊർജ്ജിതമായി നടപ്പാക്കാൻ ഉത്സാഹമൊന്നും കാണിച്ചില്ല. പണത്തിന്റെ കുറവായിരുന്നില്ല ഇതിനുകാരണം. ഇച്ഛാശക്തിയുടെ കുറവും സ്വതഃസിദ്ധമായ അലസതയും ചുമതലപ്പെട്ടവരുടെയെല്ലാം അവഗണനയുമാണ് ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസം നൽകേണ്ടിയിരുന്ന ഈ ഭവന പദ്ധതി എങ്ങുമെത്താതെ പോകാൻ കാരണം. തദ്ദേശ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നത്. എന്നാൽ പല സ്ഥലത്തും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ പോലും ഇതുവരെ കഴിഞ്ഞിട്ടില്ലെന്നാണ് ഇപ്പോൾ പുറത്തുവരുന്ന വിവരം. പതിറ്റാണ്ടുകൾക്കുമുൻപ് പാവങ്ങളുടെ പാർപ്പിട പ്രശ്നത്തിന് വിപ്ളവകരമായ പരിവർത്തനം കുറിച്ച ലക്ഷംവീടു പദ്ധതി ഉണർത്തിവിട്ട ആവേശത്തിന്റെ നൂറിലൊന്നു പോലും ഇ.എം.എസ് ഭവന പദ്ധതി നടപ്പാക്കുന്നതിൽ ഉണ്ടായില്ലെന്നത് ഖേദകരമായ കാര്യമാണ്.

ഇ.എം.എസ് ഭവന പദ്ധതി യു.ഡി.എഫ് സർക്കാർ പുനരവലോകനം ചെയ്യുമെന്നാണ് പഞ്ചായത്ത്–സാമൂഹ്യ ക്ഷേമ മന്ത്രി ശ്രീ. എം. കെ. മുനീർ രണ്ടുദിവസം മുൻപ് പ്രഖ്യാപിച്ചത്. പാളിച്ചകൾ മനസ്സിലാക്കി പദ്ധതി പുനരാവിഷ്കരിക്കുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ നിലവിലുള്ളതിനേക്കാൾ അധികം പോരായ്മകൾ വന്നു പെടരുതെന്നു മാത്രം

പദ്ധതി തുടങ്ങി മൂന്നു വർഷം കഴിഞ്ഞിട്ടും ലക്ഷ്യത്തിലെത്താതെ പോയതിന് നടത്തിപ്പുകാർക്ക് നിരത്താൻ കാരണങ്ങൾ പലതും കാണും. അഞ്ചുലക്ഷം വീടുകൾ നിർമ്മിക്കാൻ ലക്ഷ്യമിട്ടതിൽ മൂന്നുലക്ഷം പൂർത്തിയാക്കാൻ കഴിഞ്ഞതായി സി.പി.എം സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ കഴിഞ്ഞ ദിവസം അവകാശപ്പെട്ടിരുന്നു. എന്നാൽ ഈ അവകാശവാദത്തെ ചോദ്യം ചെയ്യുന്നതാണ് വീടു നിർമ്മാണം സംബന്ധിച്ച് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന വസ്തുതകൾ. ഭവനരഹിതരില്ലാത്ത രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള ഭാവനാപൂർണമായ പദ്ധതിയാണ് എൽ.ഡി.എഫ് സർക്കാർ കൊണ്ടുവന്നതെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ അതു ലക്ഷ്യത്തിലെത്തിക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി ഉണ്ടായില്ല. പദ്ധതി ആവിഷ്കരിച്ച കാലത്തുണ്ടായിരുന്ന ഭൗതിക സാഹചര്യങ്ങളല്ല പിന്നീടുണ്ടായതെന്നതു സത്യമാണ്. പ്രതീക്ഷിച്ചതുപോലെ വീടുവയ്ക്കാനുള്ള സ്ഥലം കണ്ടെത്താനോ സമയപരിധി വച്ച് വീടുനിർമ്മാണം പൂർത്തിയാക്കാനോ സാധിച്ചില്ല. ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ സംഭവിച്ച വിവേചനവും പാകപ്പിഴകളും പല പഞ്ചായത്തുകളിലും ഇനിയും നിലനിൽക്കുകയാണ്. സംസ്ഥാനത്തെല്ലായിടത്തും കഴിഞ്ഞ മൂന്നുവർഷത്തിനിടെ ഭൂമി വിലയിലുണ്ടായ കുതിച്ചുകയറ്റം പാവങ്ങൾക്കുള്ള പാർപ്പിട പദ്ധതിയെയും ദോഷകരമായി ബാധിച്ചു. അതുപോലെ ഭൂമി സ്വന്തമായി ഉള്ളവർക്ക് ഭവന പദ്ധതിയനുസരിച്ച് ലഭിക്കുന്ന തുച്ഛമായ പണം കൊണ്ട് വീടു നിർമ്മിക്കാനാവാത്ത സ്ഥിതിയും സംജാതമായിട്ടുണ്ട്. മുക്കാൽലക്ഷമോ ഒരു ലക്ഷമോ രൂപകൊണ്ട് ഒരു ഓലപ്പുര പോലും ഇന്നു തീരുകയില്ലെന്ന യാഥാർത്ഥ്യം അധികൃതർക്ക് ഇനിയും ബോദ്ധ്യമാകേണ്ടതായിട്ടാണിരിക്കുന്നത്.

ഇ.എം.എസ് ഭവന പദ്ധതി യു.ഡി.എഫ് സർക്കാർ പുനരവലോകനം ചെയ്യുമെന്നാണ് പഞ്ചായത്ത്-സാമൂഹ്യ ക്ഷേമ മന്ത്രി ശ്രീ. എം.കെ. മുനീർ രണ്ടുദിവസം മുൻപ് പ്രഖ്യാപിച്ചത്. ഈ പദ്ധതി വലിയ പരാജയമായിരുന്നു എന്നാണ് പുതിയ സർക്കാരിന്റെ വിലയിരുത്തൽ. ഈ മാസം തന്നെ ഉന്നതതല യോഗം വിളിച്ചുകൂട്ടി അവലോകനം നടത്തി പദ്ധതി എങ്ങനെ വിജയകരമായി മുന്നോട്ടു കൊണ്ടുപോകാനാവുമെന്ന് ആലോചിക്കുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. പാളിച്ചകൾ മനസ്സിലാക്കി പദ്ധതി പുനരാവിഷ്കരിക്കുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ നിലവിലുള്ളതിനേക്കാൾ അധികം പോരായ്മകൾ വന്നുപെടരുതെന്നു മാത്രം. സംസ്ഥാനത്ത് ഏഴുലക്ഷത്തോളം കുടുംബങ്ങൾ അന്തിക്കൂരയില്ലാതെ ഇപ്പോഴും ഉണ്ടെന്നാണ് കണക്ക്. കക്ഷിരാഷ്ട്രീയത്തിന് അതീതമായി വേണം ഇത്തരം സാമൂഹ്യക്ഷേമ പദ്ധതികളെ സമീപിക്കാൻ. അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പോരായ്മകളുണ്ടെങ്കിൽ ഉടനടി മാറ്റണം. വീടു നിർമ്മിക്കാനുള്ള സഹായധനം ഇരട്ടിയെങ്കിലുമാക്കണം. നിർമ്മാണ സാമഗ്രികൾക്കുണ്ടായിട്ടുള്ള വൻ വിലവർദ്ധന കൂടി കണക്കിലെടുത്തുവേണം തുക നിശ്ചയിക്കാൻ. നേരത്തെ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഒഴിവാക്കാനും അർഹരായവരെ കണ്ടെത്തി ഉൾപ്പെടുത്താനും നടപടി വേണം. മുൻ സർക്കാർ കൊണ്ടുവന്നത് എന്ന പേരിൽ ഇ.എം.എസ് പദ്ധതി ഇല്ലാതാക്കാൻ ഒരു കാരണവശാലും ശ്രമിക്കരുത്. സമാധാനത്തോടെ അന്തിയുറങ്ങാൻ ഒരു കൂര ഏതു മനുഷ്യന്റെയും ഏറ്റവും വലിയ സ്വപ്നമാണ്. ഇ.എം.എസ് ഭവന പദ്ധതി കൂടുതൽ വിപുലമായും ശുഷ്കാന്തിയോടെയും തുടരുകതന്നെ വേണം.

അഭിഭാഷകർക്ക് ഇനി സ്വതന്ത്ര പ്രാക്ടീസ്

അഡ്വ. പി. റഹിം
(ജനറൽ സെക്രട്ടറി, ഇന്ത്യൻ ലായേഴ്സ് കോൺഗ്രസ്)

അഭിഭാഷകർക്ക് രാജ്യത്തുടനീളം സ്വതന്ത്ര പ്രാക്ടീസ് ചെയ്യാൻ വ്യവസ്ഥ ചെയ്യുകൊണ്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ജൂൺ 15-നു പ്രാബല്യത്തിൽ വന്നതോടെ ഇന്ത്യൻ നിയമരംഗത്തും നീതിന്യായരംഗത്തും വമ്പിച്ച മാറ്റങ്ങൾക്കും മുന്നേറ്റങ്ങൾക്കുമുള്ള വാതായനങ്ങൾ തുറക്കപ്പെടുകയാണ്. കഴിഞ്ഞ അരനൂറ്റാണ്ടായി നടപ്പാക്കാതിരുന്ന 1961-ലെ അഡ്വക്കേറ്റ്സ് ആക്ടിലെ 30-ാം വകുപ്പ് നടപ്പാക്കാൻ കഴിഞ്ഞ 9-ന് എടുത്ത തീരുമാനം നടപ്പാകുന്നതോടെയാണിത്. അഡ്വക്കേറ്റ്സ് ആക്ടിന്റെ വജ്രജൂബിലി വേളയിലാണ് ഈ വകുപ്പ് പ്രാബല്യത്തിൽ വരുത്തിയത്. രാജ്യത്തുടനീളമുള്ള അഭിഭാഷകരും അഭിഭാഷക സംഘടനകളും കഴിഞ്ഞ അരനൂറ്റാണ്ടായി ഈ ആവശ്യം ഉന്നയിച്ചുവരികയായിരുന്നു. ഇന്ത്യൻ നിയമവ്യവസ്ഥകളുടെ ചരിത്രത്തിലെ വിപ്ളവകരമായ ചുവടുവയ്പാണ് കേന്ദ്രഗവൺമെന്റിന്റെ ഈ തീരുമാനം. സുപ്രീംകോടതി ഉൾപ്പെടെ രാജ്യത്തെ ഏത് കോടതിയിലും ഇനി അഭിഭാഷകർക്ക് പ്രാക്ടീസ് ചെയ്യാം. സുപ്രീംകോടതിയിൽ പ്രാക്ടീസ് ചെയ്യുന്നതിന് സുപ്രീംകോർട്ട് മാനുവലിനെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവേശനപ്പരീക്ഷയും ഇതോടെ ഇല്ലാതായി.

1961-ലെ 25-ാമത് നിയമമായാണ് അഡ്വക്കേറ്റ്സ് ആക്ട് പാസാക്കുന്നത്. ബാറും നിയമവിദ്യാഭ്യാസവും സംബന്ധിച്ച നിയമപരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട് ലാ കമ്മിഷൻ നിർദ്ദേശിച്ച ശുപാർശകൾ പരിഗണിച്ച് ആൾ ഇന്ത്യാ ബാർ കമ്മിറ്റി 1953-ൽ സമർപ്പിച്ച നിർദ്ദേശങ്ങൾ പ്രകാരമാണ് അഡ്വക്കേറ്റ്സ് ആക്ടിന് രൂപം നൽകിയത്. നിയമം പ്രാക്ടീസ് ചെയ്യുന്നവരെ സംബന്ധിച്ച നിയമം ഏകോപിപ്പിക്കുകയും ബാർ കൗൺസിലുകളും അഖിലേന്ത്യാ ബാർ കൗൺസിലും സംഘടിപ്പിക്കുന്നതിനും ഒരു നിയമം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ആക്ടിന് രൂപം നൽകിയത്.

അറുപത് വകുപ്പുകളുള്ള ഈ നിയമത്തിന്റെ പ്രഥമ സവിശേഷത അഖിലേന്ത്യാ ബാർ കൗൺസിൽ രൂപീകരിച്ച് അഭിഭാഷകരുടെ പൊതു റോൾ ഉണ്ടാക്കി അതിൽ പേരുള്ളവർക്ക് സുപ്രീംകോടതി ഉൾപ്പെടെ രാജ്യത്തിന്റെ ഏതു ഭാഗത്തും പ്രാക്ടീസ് ചെയ്യുവാനുള്ള അവകാശം നൽകുക എന്നതാണ്. നിയമത്തിന്റെ മുപ്പതാം വകുപ്പ് ഇത് ഉറപ്പുനൽകുന്നു. അര നൂറ്റാണ്ടായി ഈ വകുപ്പ് പ്രാബല്യത്തിൽ വരുത്താതെയിരിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ സുപ്രീംകോടതി ഉൾപ്പെടെ രാജ്യത്തിന്റെ ഏത് ഭാഗത്തും പ്രാക്ടീസ് ചെയ്യാനുള്ള അഭിഭാഷകരുടെ അവകാശം നിഷേധിക്കപ്പെട്ടു.

ഒരു സംസ്ഥാനത്തെ റോളിൽ പേരുള്ള അഭിഭാഷകർക്ക് മറ്റ് സംസ്ഥാനങ്ങളിലെ ഹൈക്കോടതികളിലും സുപ്രീംകോടതിയിലും പ്രാക്ടീസ് ചെയ്യാൻ കഴിയില്ലായിരുന്നു. സുപ്രീംകോടതിയിൽ പ്രാക്ടീസ് ചെയ്യാൻ സുപ്രീംകോർട്ട് മാനുവൽ പാസാകണമായിരുന്നു. മുപ്പതാം വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഇന്ത്യയിലെ എല്ലാ അഭിഭാഷകരും എല്ലാ സംസ്ഥാനങ്ങളുടേതുമായി. അതുപോലെ എല്ലാ കോടതികളും തെളിവെടുത്ത് തീരുമാനിക്കുന്ന അതോറിട്ടികളും ട്രിബ്യൂണലുകളുമെല്ലാം മുഴുവൻ അഭിഭാഷകരുടേതുമായി. ഇനി മുതൽ ദേശീയതലത്തിൽ എല്ലാ അഭിഭാഷകർക്കും പ്രാക്ടീസ് ചെയ്യാം.

സുപ്രീംകോടതിയിലേക്ക് കൂടുതൽ അഭിഭാഷകർക്ക് കടന്നുചെല്ലാൻ കഴിയുന്നതോടെ നിയമനടപടികൾക്ക് വേഗം കൂടുകയും പണച്ചെലവ് കുറയുകയും കേസുകൾ വേഗത്തിൽ തീർപ്പാകുകയും ചെയ്യും. ഫീസിന്റെ കാര്യത്തിൽ അപ്രാപ്യമായ സുപ്രീംകോടതിയിലും ഇനി കുറഞ്ഞ ചെലവിൽ സാധാരണ കക്ഷികൾക്കും കേസ് നടത്താൻ കഴിയും. കൂടുതൽ അഭിഭാഷകർക്ക് സുപ്രീംകോടതിയിൽ പ്രാക്ടീസ് ചെയ്യാനുള്ള അവസരം ലഭ്യമാകുന്നതുകൊണ്ടാണിത്.

രാജ്യത്തുടനീളം സ്വതന്ത്രമായി പ്രാക്ടീസ് ചെയ്യാൻ അഭിഭാഷകരെ അനുവദിക്കുന്നതോടെ സുപ്രീംകോടതി, ഹൈക്കോടതി എന്നിവിടങ്ങളിൽ അഭിഭാഷകർക്ക് പ്രാക്ടീസ് ചെയ്യുന്നതിന് മുന്നോടിയായുള്ള നടപടിക്രമങ്ങൾ ഒഴിവാകുകയാണ്. അതിനാൽ ഒരു സംസ്ഥാനത്തിന്റെ ബാർ കൗൺസിലിൽ എൻറോൾ ചെയ്ത അഭിഭാഷകന് രാജ്യത്തെ ഏത് കോടതിയിലും പ്രാക്ടീസ് ചെയ്യാൻ കഴിയും. അഡ്വക്കേറ്റ്സ് ആക്ടിന്റെ ആത്മാവ് തന്നെ മുപ്പതാം വകുപ്പാണ്. അതിന് ഇപ്പോഴെങ്കിലും ജീവൻ നൽകാൻ കഴിഞ്ഞത് കേന്ദ്ര നിയമമന്ത്രി വീരപ്പമൊയ്‌ലിയുടെ നേട്ടമാണ്. ഒപ്പം നീതിന്യായ പരിപാലനരംഗത്തെ വിജയവും.

മൊഴിയരങ്ങ്

ഇന്നും കേരളമാകെ മദ്യം ഒഴുകുമ്പോഴും ഖജനാവു തന്നെ മദ്യത്തിന്റെ ആശ്രിതനായി മാറിയിരിക്കുമ്പോഴും കോവളത്ത് ഒരു ക്യാൻ ബിയർ വിൽക്കണമെങ്കിൽ കൈക്കൂലി പൊലീസ് മുതൽ മന്ത്രിക്കുവരെ കൊടുക്കണം- ഒരുപക്ഷേ, മന്ത്രിമാർക്ക് ഇത്തരം എളിയ കൈക്കൂലികൾ ആവശ്യമില്ലായിരിക്കാം. എന്തൊരു ഭാഗ്യം!

സക്കറിയ

സിക്കിം സമ്മേളനത്തിനു വന്ന എഴുത്തുകാരികൾ സാധാരണ വേഷങ്ങളിൽ തലയുയർത്തിപ്പിടിച്ചു നടക്കുന്നു. കഠിനഭാഷയിൽ കാര്യങ്ങൾ പറയുന്നു. ഉറക്കെ പൊട്ടിച്ചിരിക്കുന്നു. എപ്പോഴും കിലുകിലുങ്ങനെ പൊട്ടിപ്പൊട്ടിച്ചിരിക്കുന്ന ചില യുവതികളോടു ഞാൻ അസൂയയോടെ ചോദിച്ചു: ''നിങ്ങൾക്കെങ്ങനെ ഇത്ര മനോഹരമായി ചിരിക്കാൻ സാധിക്കുന്നു ?'' അവരുടെ മറുപടി കേട്ട് എന്റെ ഹൃദയം അഭിമാനപൂരിതമായി : ''മാജീ ഞങ്ങളുടെ ചുറ്റും എപ്പോഴും വെടിയൊച്ചയും ശാപങ്ങളും നിലവിളികളും ആക്രോശങ്ങളുമാണ്. ആ ബഹളത്തിനിടയിൽ ഞങ്ങളുടെ ശബ്ദം പുറത്തുകേൾക്കണമെങ്കിൽ ഞങ്ങളിങ്ങനെ ഉറക്കെ പൊട്ടിച്ചിരിച്ചേ പറ്റൂ.'' ആ മിടുക്കി പെൺകുട്ടികൾ കാശ്മീരിലും അസാമിലും നിന്നുവന്ന യുവകവയിത്രികളാണ്.

സുഗതകുമാരി

ഒരുതരം യൂണിവേഴ്സൽ ഫിലിമായി ഈ രതിനിർവേദത്തെ പരിഗണിക്കാൻ പറ്റും. ചിത്രത്തിന്റെ സെൻസർ കഴിഞ്ഞപ്പോൾ ഞങ്ങൾ ചിത്രീകരിച്ച ഒന്നുംതന്നെ വെട്ടേണ്ടി വന്നിട്ടില്ല. ആർക്കും കാണാവുന്ന തരത്തിലുള്ള ബന്ധങ്ങളുടെ, കഥയുടെ കരുത്ത് ഈ ചിത്രത്തിനുണ്ട്. കാലത്തിനും സാഹചര്യത്തിനും അനുസൃതമായി മാറുന്ന ജീവിതത്തിന്റെ നിറഭേദങ്ങൾ ഇവിടെ കാണാം.

ടി.കെ. രാജീവ്കുമാർ

സത്യം എന്നത് ഈശ്വരനാണ്. ഈശ്വരൻ എന്നാൽ ആനന്ദമാണ്. ആനന്ദം എന്നാൽ അവനവനെ മറക്കലാണ്. അഹങ്കാരം ഇല്ലാതാവലാണ്. 'ഞാൻ' എന്ന ബോധമാണ് വിഷമം ഉണ്ടാക്കുന്നത്. ലോകത്തിന്റെ മുഴുവൻ പ്രശ്നമാണത്. ഞാൻ എന്നത് പോയിക്കിട്ടിയാൽ വിഷമമില്ല. അതിനെ തല്ലിക്കെടുത്താനുള്ള പ്രേരണ കൂടിയാണ് കവിത.

അക്കിത്തം

ഇന്നിപ്പോൾ നിയമസഭാ തിരഞ്ഞെടുപ്പിൽ ഒരു മുന്നണിസ്ഥാനാർത്ഥിക്ക് ചെലവഴിക്കേണ്ടി വരുന്നത് ഒന്നരക്കോടി രൂപയോളമാണ്. ഇതിൽ ചെറിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. നമ്മുടെ തിരഞ്ഞെടുപ്പുകളെ പണച്ചെലവ് വിഴുങ്ങുകയാണ്. ഒരു സാഹചര്യത്തിലും ജനാധിപത്യത്തിന് ഇത് അഭികാമ്യമല്ല

ആർ. ബാലകൃഷ്ണപിള്ള

പഴയ സംഗീതസംവിധായകരുടെ സ്വാതന്ത്ര്യബോധം ഇന്നില്ല. റെക്കോഡിംഗിനു മുൻപ് ആറേഴുതവണയെങ്കിലും റിഹേഴ്സൽ ചെയ്യുന്നതാണ് അന്നത്തെ രീതി. പല ടേക്കുകളിലൂടെ കടന്ന് പാകംവന്ന പാട്ടാണ് ജനങ്ങളിലെത്തുന്നത്. അതിന്റെ മാധുര്യം ഏറിയിരിക്കും. ഇപ്പോൾ ഒന്നരമണിക്കൂർ കൊണ്ട് പാടിത്തീർക്കേണ്ട അവസ്ഥയുണ്ട്

അൽഫോൺസ്

മതവും പാർട്ടിയും ഒരേ പ്രശ്നത്തെ രണ്ട് രൂപത്തിൽ സമീപിക്കുന്നു. പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും പരലോകത്ത് പരിഹാരമുണ്ടാകുമെന്ന് മതം വിശ്വസിക്കുമ്പോൾ ഈ ലോകത്ത് പരിഹാരമുണ്ടാക്കാനാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ശ്രമിക്കുന്നത്.

പിണറായി വിജയൻ

കേരളത്തിലെ സ്വാശ്രയമേഖലയിൽ സർവത്ര അരാജകത്വം നടമാടുകയാണ്. ഗവൺമെന്റ്, മെഡിക്കൽ യൂണിവേഴ്സിറ്റി, ഡയറക്ടർ ഒഫ് മെഡിക്കൽ എജ്യുക്കേഷൻ, വിദ്യാഭ്യാസ വകുപ്പ്, പി.എ. മുഹമ്മദ് കമ്മിറ്റി തുടങ്ങി ആറേഴ് ഏജൻസികൾ ഇടപെടുന്നതാണ് കാരണം.

ഡോ.ബി. ഇക്ബാൽ

മലയാള കവിതയെ നശിപ്പിച്ച് ഇല്ലാതാക്കിയത് കുഞ്ഞുണ്ണി മാഷും എം.എൻ. വിജയനുമാണ്. കുഞ്ഞുണ്ണിക്കവിത കവിതയല്ല, അത് കടങ്കഥയാണ്. അതിലെവിടെയുണ്ട് കവിത. ഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛൻ കവിയല്ലെന്ന് പറഞ്ഞ് ദേശാഭിമാനി വാരികയിൽ സുദീർഘമായ ലേഖനമെഴുതി എം.എൻ.വിജയൻ ഏതൊക്കെ തരത്തിൽ ഈ ഭാഷയെ നശിപ്പിക്കാമോ അതൊക്കെ ചെയ്തു.

ടി. പദ്മനാഭൻ

ഒരു രാത്രി നോർവീജിയൻ മലകൾക്കു മുകളിൽ ഒരു കൂടാരത്തിൽ തീ കാഞ്ഞിരിക്കുകയായിരുന്നു ഞാൻ. താഴെ, വർഷത്തിൽ നാലുമാസം ഉറഞ്ഞുകിടക്കുന്ന തടാകത്തിലേക്കു നോക്കി, വെറുതെ. ഇതുവരെ വായിച്ചിട്ടുള്ള എല്ലാ സഞ്ചാരസാഹിത്യകാരന്മാരുടെയും പേരുകൾ അപ്പോൾ മനസ്സിലേക്കു കടന്നുവന്നു. അദ്ഭുതത്തോടെ ഒരുകാര്യം ഞാൻ തിരിച്ചറിഞ്ഞു. അതിൽ സ്ത്രീകൾ തീരെയില്ല, എല്ലാം പുരുഷന്മാർ!

അനിതാ നായർ

ഇംഗ്ലീഷിലെഴുതുന്നതു കൊണ്ട് നല്ല നിരൂപകരാവണമെന്നില്ല. അവിടെയും വ്യാജന്മാർ ധാരാളമുണ്ട്. പടം കണ്ടാൽ മനസ്സിലാകാത്തവരും. നമ്മുടെ നാട്ടിലേതു പോലെ തന്നെ. എന്നാൽ നല്ല പണ്ഡിതന്മാരെയും അവിടെ കാണാം

അടൂർ ഗോപാലകൃഷ്ണൻ

രാജകലയുള്ള കമ്മ്യൂണിസ്റ്റ്

രാമഭദ്രൻ തമ്പുരാൻ
(പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡ് മുൻ അംഗം, തൃപ്പൂണിത്തുറ)

ക്യാപ്റ്റൻ കേരളവർമ്മ തൃപ്പൂണിത്തുറയുടെ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു. ഇടതുപക്ഷ സഹയാത്രികനായിരുന്ന അദ്ദേഹം പരേതനായ മുൻമന്ത്രി ടി.കെ. രാമകൃഷ്ണൻ, തൃപ്പൂണിത്തുറ നഗരസഭയുടെ മുൻ അദ്ധ്യക്ഷനും രാജകുടുംബാംഗവുമായ പി. കേരളവർമ്മ തുടങ്ങിയ നേതാക്കൾക്കൊപ്പം ഇടതുപക്ഷ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ ഏറെ പ്രയത്നിച്ചു.

സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്ത് ത്യാഗവും ചെയ്യാൻ ഒരുക്കമുള്ള നല്ല മനസ്സിനുടമയായിരുന്നു അദ്ദേഹം. രാജകുടുംബത്തിനു വേണ്ടി പാലസ്സ് അഡ്മിനിസ്ട്രേഷൻ ബോർഡ് അംഗം എന്ന നിലയിൽ നിരവധി സഹായങ്ങൾ ചെയ്തിട്ടുണ്ട്. പൂജ ക്രിക്കറ്റ്, പൂർണ്ണത്രയീശ ക്ഷേത്രത്തിലെ ഉത്സവം തുടങ്ങിയവയുടെ സംഘാടനത്തിൽ മുന്നിൽ നിന്ന് പ്രവർത്തിച്ചിരുന്നു. ധനികനെന്നോ ദരിദ്രനെന്നോ ഭേദമില്ലാതെ എല്ലാവരുമായും ഒരുപോലെ ഇടപെട്ട ക്യാപ്റ്റൻ ഹൃദ്യമായ പെരുമാറ്റത്തിലൂടെ ഏവരുടെയും മനസ് കവർന്നിരുന്നു.

രാജകുടുംബത്തിൽ നിന്നും ആദ്യമായി പട്ടാളത്തിൽ ചേർന്ന ക്യാപ്റ്റന് കമ്മ്യൂണിസ്റ്റ് അനുഭാവിയെന്ന കാരണത്താൽ സർവ്വീസിൽ നിന്നും പിരിഞ്ഞ് പോരേണ്ടിവന്നു. സരളമായ പെരുമാറ്റം കൊണ്ട് വലിയൊരു സുഹൃദ്വലയം വളർത്തിയെടുക്കാൻ അദ്ദേഹത്തിനായി. ഇടതുപക്ഷ പ്രസ്ഥാനത്തിന് വേണ്ടി നിരവധി ത്യാഗങ്ങൾ സഹിച്ചിട്ടും പാർട്ടി തന്നോട് സ്വീകരിച്ച നിലപാടുകൾ അദ്ദേഹത്തെ വേദനിപ്പിച്ചു. കമ്മ്യൂണിസ്റ്റ് ആദർശങ്ങളിൽ വെള്ളം ചേർക്കുന്നതു കണ്ട് മനംനൊന്ത അദ്ദേഹം അവസാന കാലത്ത് പാർട്ടിയിൽ നിന്ന് അകന്നു.

രാജകുടുംബാംഗങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കലാസാഹിത്യ പ്രവർത്തനങ്ങളിലും ക്യാപ്റ്റൻ കേരളവർമ്മ നിറസാന്നിദ്ധ്യമായിരുന്നു. കൊച്ചി രാജകുടുംബത്തിന്റെ ചരിത്രത്തെക്കുറിച്ചും വളരെ അറിവുള്ള വ്യക്തിയായിരുന്നു. കൊച്ചിൻ റോയൽ ഫാമിലി ഹിസ്റ്റോറിക്കൽ സൊസൈറ്റി എല്ലാവർഷവും കളിക്കോട്ടയിൽ നടത്താറുള്ള സെമിനാറിൽ സജീവമായി പങ്കെടുക്കുകയും കുടുംബ ചരിത്രത്തെക്കുറിച്ച് വിജ്ഞാനപ്രദമായ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിരുന്നു. ക്യാപ്റ്റൻ കേരളവർമ്മയുടെ നിര്യാണം തൃപ്പൂണിത്തുറയ്ക്കും കൊച്ചി രാജകുടുംബത്തിനും നികത്താനാവാത്ത നഷ്ടം തന്നെയാണ്. പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡ് അംഗമായിരിക്കേ ക്യാപ്റ്റൻ കേരളവർമ്മയുമായി ഒരുമിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞ നാളുകൾ മറക്കാനാവില്ല.



ഗുരുവരുൾ

ബുദ്ധിയും വിവേകവുമുള്ളവൻ ഇന്ദ്രിയങ്ങളെ കാടുകയറാൻ വിടാതെ നിയന്ത്രിച്ച് ജീവിക്കണം. തപശ്ചര്യയിൽ ഏറ്റവും ശ്രേഷ്ഠവും പ്രധാനവും ഇന്ദ്രിയനിഗ്രഹമാണ്. ദുർമാർഗിയായ ഒരുവനോട് സംസർഗമുള്ളവരും ആ സ്വാധീനത്താൽ ദുർമാർഗത്തിൽ സഞ്ചരിക്കാം. അത്തരം കൂട്ടുകെട്ടുകളിൽ നിന്ന് വിദ്യാർത്ഥിയെ സംരക്ഷിക്കേണ്ടത് മാതാപിതാക്കളുടേതെന്നപോലെ അദ്ധ്യാപകന്റെയും കടമയാണ്.

അവിശേഷേണ പിതാരാവാചാര്യശ്ച കൃപാബലാത്
പോഷേ ധികാരിണസ്തസ്യ സ്ഥൂലസൂക്ഷ്മശരീരയോഃ

ബ്രഹ്മചാരിയായ വിദ്യാർത്ഥിയുടെ സ്ഥൂലവും സൂക്ഷ്മവുമായ ശരീരത്തിന്റെ രക്ഷയിൽ മാതാപിതാക്കളും ഗുരുവും ഒരുപോലെ ഉത്തരവാദികളാണ്.